**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **11-09-2023 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ്-മുരുകൻ പാഞ്ചാൽ പാലത്തിലെ കുഴിയിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം-ചെങ്കോട്ട ദേശീയ പാതയിൽ, ആര്യങ്കാവ്-മുരുകൻ പാഞ്ചാലിലെ പാലത്തിനോട് ചേർന്ന് വെള്ളക്കെട്ടും കുഴിയും ഉണ്ടായി ഇതുവഴിയുള്ള ഗതാഗതത്തിന് ഭീഷണിയായി മാറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | NHAI യുടെ അധീനതയിൽ ഉള്ള മുരുകൻപഞ്ചാൽ പാലത്തിന്റെ അപ്രോച്ച് റോഡിൽ കുഴികൾ രൂപപ്പെട്ട സ്ഥലത്ത് ആയത് Cold Mix ഉപയോഗിച്ച് പരിഹരിച്ച് ടി ഭാഗം സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട് . |
| (ബി) | നാലുവർഷം മുമ്പ് 4.6 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച പാലത്തിൽ ചെറിയ മഴയിൽപോലും വെള്ളക്കെട്ട് ഉണ്ടാകുന്നതും, വലിയ കുഴിയുടെ ആഴം അറിയാതെ വാഹനങ്ങൾ കുഴിയിൽ പതിച്ച് അപകടം ഉണ്ടാകുന്നതും പരിഹരിക്കുന്നതിന് സത്വര നടപടികൾ എടുക്കുമോ; വിശദമാക്കാമോ? | (ബി) | എൻ.എച്ച് 744 – കൊല്ലം മുതൽ കോട്ടവാസൽ വരെ NHAI യുടെ അധീനതയിൽ ആണ്. മുരുകൻപഞ്ചാൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും DLP കഴിഞ്ഞിട്ടുള്ളതാണ്. അപ്രോച്ച് റോഡിൽ ഉണ്ടാകുന്ന കുഴികൾ ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ച് പരിഹരിക്കാറുണ്ട്. കൂടാതെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള എസ്റ്റിമേറ്റ് NHAI-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ